പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2222** 15/07/2011 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളിൽ ഓൺ - ലൈൻ സംവിധാനം നടപ്പാക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിൽ ഓൺലൈൻ വഴി അപേക്ഷകൾ സ്വീകരിക്കാനുള്ള സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) എങ്കിൽ ഏതൊക്കെ അപേക്ഷകളാണ് സ്വീകരിക്കുകയെന്ന് വെളിപ്പെടുത്തുമോ ;<br><br>(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ഏതെങ്കിലും ജില്ലകളിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടോ ;<br><br>(ഡി) സംസ്ഥാനാടിസ്ഥാനത്തിൽ ഇത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ.? | എ, ബി, സി & ഡി<br><br>ഐ.റ്റി മിഷനും, അക്ഷയയും സംസ്ഥാന റവന്യൂ വകുപ്പിന്റെ ഐ.റ്റി.സെല്ലുമായി സഹകരിച്ചു നടപ്പാക്കിയ ഇ- ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം വില്ലേജാഫീസുകൾ വഴി നൽകി വരുന്ന 23 സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർ വഴി വിതരണം ചെയ്യുന്ന സംവിധാനം പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം പൊതു ജനങ്ങൾക്ക് തങ്ങളുടെ തൊട്ടടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കാവുന്നതും അവർ നൽകുന്ന തീയതിയിൽ സർട്ടിഫിക്കറ്റ് അക്ഷയ കേന്ദ്രങ്ങളിൽ നിന്നു തന്നെ ശേഖരിക്കാവുന്നതാണ്. സമീപ ഭാവിയിൽ തന്നെ അപേക്ഷകന് തന്റെ കമ്പ്യൂട്ടർ വഴി നേരിട്ട് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നൽകാൻ കഴിയുന്ന വിധത്തിൽ ഈ പദ്ധതി വിപുലീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ